Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

**എറണാകുളം-അങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ട പിതാക്കന്മാർ തങ്ങളുടെ ദൈവജനത്തെ അറിയിക്കുന്നത്:**

സീറോ മലബാർ സഭയുടെ മെത്രാന്മാരുടെ സിനഡ് മൗണ്ട് സെന്റ് തോമസിൽ നടക്കുന്ന വിവരം ഇതിനോടകം നിങ്ങൾക്ക് അറിവുള്ളതാണല്ലോ. അതിരൂപതയുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് ഈ സിനഡിൽ ചർച്ച ചെയ്യുന്നത്. അടിയന്തിര പ്രാധാന്യമുള്ള മറ്റു പല വിഷയങ്ങൾ ഉണ്ടായിരുന്നിട്ടും അവയെല്ലാം മാറ്റിവച്ച് നമ്മുടെ അതിരൂപതയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ചചെയ്യാൻ സന്മനസുകാട്ടിയ സിനഡു പിതാക്കന്മാരോട് നാം ഏറെ കടപ്പെട്ടിരിക്കുന്നു.

എറണാകുളം-അങ്കമാലി അതിരൂപതയുടെ വിവിധ സമിതികളും വ്യക്തികളും ഉന്നയിച്ച പരാതികളും ആവശ്യങ്ങളും സിനഡ് തികഞ്ഞ ആത്മാർത്ഥതയോടെയും അനുഭാവപൂർവ്വമായും ചർച്ചചെയ്തു. വിവിധ സമിതികളും കമ്മീഷനുകളും കമ്മിറ്റികളും നടത്തിയ പഠന റിപ്പോർട്ടുകളും സിനഡ് വിശദമായി മനസ്സിലാക്കി. ഭൂമി ഇടപാടുകൾ, വിവാദരേഖ ഉൾപ്പടെയുള്ള വിവിധ കേസുകൾ, മെത്രാന്മാരുടെ സ്ഥാനങ്ങൾ സംബന്ധിച്ച വിഷയങ്ങൾ, അവയ്ക്കുള്ള പരിഹാരങ്ങൾ എന്നിവ സിനഡ് വിശദമായി പഠിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ അതിരൂപതയിലെ ഫൊറോന വികാരിമാർ, അല്മായ പ്രതിനിധികൾ, സന്യസ്ത പ്രതിനിധികൾ, വിവിധ സമിതി അംഗങ്ങൾ തുടങ്ങിയവരുമായി സിനഡിനിടയിൽ ചർച്ചകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അവരുടെ അഭിപ്രായപ്രകടനങ്ങളിലൂടെ അതിരൂപതയിലെ ദൈവജനത്തിന്റെ പൊതു വികാരം സിനഡിന് മനസിലാകുന്നുണ്ട്.

മേൽപറഞ്ഞ പല വിഷയങ്ങളിലും സിനഡ് എടുക്കുന്ന തീരുമാനങ്ങൾക്ക് പരി. സിംഹാസനത്തിന്റെ അംഗീകാരം ആവശ്യമാണെന്ന് നിങ്ങൾക്കറിയാമല്ലോ. അതിനാലാണ് നാം പ്രതീക്ഷിക്കുന്നത്ര വേഗത്തിൽ തീരുമാനങ്ങൾ പ്രഖ്യാപിക്കാത്തത്.

Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

2019 ആഗസ്റ്റ് 25 ഞായറാഴ്ച മൗണ്ട് സെന്റ് തോമസിലേയ്ക്ക് ചിലർ പ്രതിഷേധപ്രകടനം നടത്തുമെന്ന് അറിയിച്ചതായി മനസ്സിലാക്കുന്നു. എന്നാൽ, നമ്മുടെ അതിരൂപതയുമായി ബന്ധപ്പെട്ട വിഷയങ്ങൾ സിനഡ് ഏറ്റവും അനുഭാവപൂർവ്വം പരിഗണിക്കുന്ന ഈ സാഹചര്യത്തിൽ ഇപ്രകാരമൊരു നടപടി ക്രൈസ്തവ ചൈതന്യത്തിനും നമ്മുടെ കൂട്ടായ്മയ്ക്കും ചേർന്നതല്ല. സഭയെ പൊതുസമൂഹത്തിനു മുമ്പിൽ അവഹേളിക്കാൻ മാത്രം ഉതകുന്ന ഈ സംരംഭത്തിൽ നിന്ന് എല്ലാ വിശ്വാസികളും പിന്തിരിയണമെന്ന് ഞങ്ങൾ ഒരുമനസ്സോടെ ആഹ്വാനം ചെയ്യുന്നു. സഭയുടെയും അതിരൂപതയുടെയും നന്മയും കൂട്ടായ്മയുമാണ് നാം ലക്ഷ്യം വയ്ക്കേണ്ടത്.

എറണാകുളം-അങ്കമാലി അതിരൂപതാ വിശ്വാസികളായ നാം ഒറ്റക്കെട്ടായി സഭയോടു ചേർന്നു നിൽക്കണമെന്നും സഭയ്ക്കുവേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിക്കണമെന്നും പ്രതിസന്ധികൾ പരിഹരിക്കാൻ സഹകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

മാർ ജോർജ് ആലഞ്ചേരി

മാർ ജേക്കബ് മനത്തോടത്ത്

മാർ തോമസ് ചക്യത്ത്

മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്

മാർ ജോസ് പുത്തൻവീട്ടിൽ

23-08-2019